94 (2472) പാണത്തൂർ-കല്ലപ്പള്ളി റോഡ് അന്തർ സംസ്ഥാന റോഡാക്കി മാറ്റാൻ നടപടി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണത്തൂർ-കല്ലപ്പള്ളി റോഡ് അന്തർസംസ്ഥാന റോഡാക്കി മാറ്റണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേരളം,കർണ്ണാടക എന്നീ സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന റോഡെന്ന പരിഗണന നൽകി പ്രസ്തുത റോഡ് അന്തർ സംസ്ഥാന റോഡാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ടി നിവേദനത്തിൻമേൽ പ്രസ്തുത പ്രവൃത്തിയെ സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ട് ചീഫ് എൻജിനീയറിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചുവരുന്നു.

95 (2473) കാർട്ടേഴ്സിലെ റോഡ് ടാറിംഗ്

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഹരിഹർനഗർ എൻ.ജി.ഒ. കാർട്ടേഴ്സ് ഏതുവർഷമാണ് ആരംഭിച്ചത്;

(ബി) അവിടത്തെ റോഡ് ടാർ ചെയ്യണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിൻ മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) തിരുവനന്തപുരം നഗരത്തിലെ ഏതെങ്കിലും ഗവൺമെന്റ് സർവ്വന്റ്സ് കാർട്ടേഴ്സിലെ റോഡ് ടാർ ചെയ്യാത്തതായുണ്ടോ?

ഉത്തരം

(എ) 1969-ൽ

(ബി) ഉണ്ട്.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി) ഹരിഹർനഗർ എൻ.ജി.ഒ. കാർട്ടേഴ്സിലെ റോഡ് ഒഴിച്ച് ബാക്കിയെല്ലാം ടാർ ചെയ്തിട്ടുണ്ട്.

96 (2474) അമ്പലാമുക്ക് - പരുത്തിപ്പാറ റോഡ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരത്ത് അമ്പലംമുക്ക് പരുത്തിപ്പാറ റോഡ് ഗതാഗതയോഗ്യമല്ലാതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അമ്പലംമുക്ക് - പരുത്തിപ്പാറ റോഡ് എന്നത്തേക്ക് ഗതാഗതയോഗ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) പരുത്തിപ്പാറ ജംഗ്ഷനിൽ ട്രാഫിക് ഐലന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രണ്ടു വർഷം മുൻപ്.

(സി) അമ്പലംമുക്ക് മുതൽ വയലിക്കട കലുങ്ക് വരെയുള്ള പണി നടന്നുകൊണ്ടിരിക്കുന്നു. വയലിക്കട കലുങ്ക് മുതൽ പരുത്തിപ്പാറവരെയുള്ള പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(ഡി) കാലാവസ്ഥ അനുകൂലമാണെങ്കിൽ മൂന്നുമാസത്തിനകം പണി തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പരുത്തിപ്പാറ ജംഗ്ഷൻ പരിഷ്ക്കരണത്തിനുള്ള നിർദ്ദേശം പരിശോധനയിലാണ്. ഇക്കാര്യവും പരിശോധിക്കുന്നതാണ്.

97 (2475) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ 1998-99-ൽ പി.ഡബ്ല്യു.ഡി. റോഡുകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി എന്തു തുക ചെലവായിട്ടുണ്ട്;

(ബി) ഓരോ റോഡിനും എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട് എന്നുള്ള വിശദവിവരം അറിയിക്കുമോ;

(സി) പല റോഡുകളും പൊട്ടിപ്പൊളിഞ്ഞ് കുഴികളായി കിടക്കുകയാണെന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യാൻ ബന്ധപ്പെട്ട ഉദ്യാഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) &(ബി) മരാമത്ത് പണികളുടെ വിവരങ്ങൾ നിയോജമണ്ഡലാടിസ്ഥാനത്തിൽ സൂക്ഷിക്കാറില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly